# പുതിയ ഒരു ജീവിതത്തിലേക്കുള്ള ചവിട്ടുപടികൾ



ഇവിടെ ഞാൻ എങ്ങനെ എത്തിച്ചേർന്നു? എന്റെ ജീവിതത്തിൽ എന്തോ കുറവ് ഉണ്ടെന്നു തോന്നുന്നത് എന്തുകൊണ്ട്? ഞാൻ കണ്ടെത്തിയിട്ടുള്ളതിന് ഉപരിയായ ഒരു ജീവിതം ഉണ്ടോ? മരിച്ചു കഴിഞ്ഞാൽ എനിക്ക് എന്തു സംഭവിക്കും?

ഒരിക്കലല്ലെങ്കിൽ മറ്റൊരു സമയത്ത് ഈ ചോദ്യങ്ങൾ നിങ്ങളുടെ മനസ്സിൽ ഉയർന്നു വന്നു കാണാം. ഒരു പക്ഷെ, അവയിൽ ഒന്നുമായി നിങ്ങൾ ഇപ്പോൾ മല്ലടിക്കുകയായിരിക്കാം. ഉത്തരം കണ്ടെത്തി എന്നു നിങ്ങൾക്കു തോന്നിയ ഏതെങ്കിലും ഘട്ടം ഉണ്ടായി എന്നു വരാം, പക്ഷെ ആ തോന്നൽ അധികകാലം നീണ്ടുനിന്നില്ല. ഏതോ ഒന്നിന്റെ കുറവു തോന്നുന്നുവെങ്കിലും അത് എന്താണെന്നോ, എവിടെ കണ്ടുപിടിക്കാമെന്നോ നിങ്ങൾക്ക് അറിഞ്ഞുകൂടാ. എന്തോ കുഴപ്പമുണ്ടെന്ന് അറിയാം, പക്ഷെ അത് എങ്ങനെ പരിഹരിക്കാമെന്ന് അറിയുന്നില്ല. ഓരോ ഉത്തരവും, ഓരോ ബന്ധവും, ഓരോ അനുഭവവും നിങ്ങൾക്ക് ശൂന്യത തോന്നിക്കുകയാണ്. അതിനാൽ നിങ്ങൾ നോക്കുകയും, ശ്രമിക്കുകയും, അന്വേഷിക്കുകയും ചെയ്തുകൊണ്ടേയിരിക്കുന്നു.

കുറവുള്ളത് "എന്താണ്" എന്നതല്ല പ്രശ്നം. "ആരുടെ" കുറവാണ് എന്നതാണ് പ്രശ്നം. ദൈവം ആര് എന്നതു തന്നെ!

ദൈവമാണ് നിങ്ങളെ സൃഷ്ടിച്ചത്, അവിടുത്തേക്കുമാത്രം നിറയ്ക്കുവാൻ കഴിയുന്ന ഒരു ഇടം നിങ്ങളുടെ ഉള്ളിൽ ഉണ്ട് - ദൈവീക ആകൃതിയിലുള്ള ആ സ്ഥലം അവിടുത്തേ



ഉൾക്കൊള്ളുവാനായി മാത്രം കാത്തിരിക്കുകയാണ്.

ദൈവം ഒരു തത്വശാസ്ത്രമല്ല. അവിടുന്ന് ഒരു സങ്കല്പവുമല്ല. ദൈവം അഖിലാണ്ഡത്തിന്റെ സൃഷ്ടാവാണ്. അവിടുന്ന് നിങ്ങളെ ഏറ്റവും സ്നേഹിക്കുന്നു! നിങ്ങൾ ജനിച്ച നിമിഷം മുതൽ, നിങ്ങളുടെ എല്ലാവിധ വ്യക്തിത്വവും, ഇതുവരെ നിങ്ങളുടെ ജീവിതത്തിൽ ഉണ്ടായിട്ടുള്ള സകല സംഭവങ്ങളും, ഭാവിയിൽ വരാൻ പോകുന്ന സകലവും അവിടുത്തേക്ക് അറിയാം. ദൈവത്തിന്റെ വചനമായ ബൈബിളിൽ, നിങ്ങളുടെ തലയിലെ തലമുടിയുടെ എണ്ണവും നിങ്ങളുടെ ചിന്തകളും ഉദ്ദേശങ്ങളും എല്ലാം അവിടുന്ന് അറിയുന്നുവെന്നു പറഞ്ഞിരിക്കുന്നു.

നിങ്ങളുടെ ഹൃദയത്തിലെ ശൂന്യത, എന്തോ കുറവുള്ളതായി തോന്നുന്നത്, നിങ്ങൾ ദൈവത്തോട് അകന്നിരിക്കുന്നത് കൊണ്ടാണ്. ഈ വേർപാട് പാപം മുഖാന്തിരം ഉണ്ടായിട്ടുള്ളതാണ് - സ്വാർത്ഥതകളുടേയും മോശമായ തോന്നലുകളുടേയും, തെറ്റായ പ്രവൃത്തികളുടേയും എല്ലാം മൂല കാരണം ഈ "എന്തോ പിശകായ" അവസ്ഥ അത്രേ. അതു സംഭവിച്ചത് ഇപ്രകാരമാണ്.

ആദിയിൽ ദൈവം ഭൂമിയിൽ ഒരു പുരുഷനേയും സ്ത്രീയേയും, 'ആദാമിനേയും ഹവ്വായേയും', സൃഷ്ടിച്ചു. ദൈവത്തോടുള്ള തികഞ്ഞ കൂട്ടായ്മ അവർ ആസ്വദിച്ചിരുന്നു. അവർ അവിടുത്തോട് ചേർന്ന് നടക്കുകയും, സംസാരിക്കുകയും പരിശുദ്ധമായി ജീവിക്കുകയും, മനോഹരമായ തോട്ടത്തിൽ സന്തുഷ്ടരായി കഴിയുകയും, ദൈവം അവരുടെ ആവശ്യങ്ങൾ നിർവ്വഹിച്ചു കൊടുക്കു

കയും ചെയ്തിരുന്നു. ഒരു പ്രത്യേക വൃക്ഷത്തിലെ ഫലം - നന്മതിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷം - തിന്നരുതെന്നു മാത്രം ആദാമിനും ഹവ്വായ്ക്കും ദൈവം നിബന്ധന വച്ചിരുന്നു. അവരോടുള്ള സ്നേഹം നിമിത്ത മാണ് അപ്രകാരം ഒരു പ്രമാണം അവർക്കു നൽകിയത്, കാരണം അതുവരെ ആദാമും ഹവ്വയും നന്മ മാത്രമേ അറിഞ്ഞിരുന്നുള്ളൂ. തിന്മയേക്കുറിച്ചുള്ള അറിവ് അവർക്ക് വേദനയുണ്ടാക്കുമെന്ന് അവിടുന്ന് അറിഞ്ഞിരുന്നു. എന്നിരുന്നാലും, ദൈവം അവരെ അനുസരിക്കുവാനോ, അനുസരിക്കാതിരിക്കുവാനോ ഉള്ള സ്വാതന്ത്ര്യത്തോടു കൂടിയാണ് സൃഷ്ടിച്ചതെങ്കിലും, അവർ അനുസരണമില്ലാ യ്മയാണു തെരഞ്ഞെടുത്തത്. വിലക്കപ്പെട്ട വൃക്ഷത്തിന്റെ ഫലം അവർ തിന്നതിന്റെ ഫലമായി പാപം അവരുടെ ഹൃദയങ്ങളിലേക്ക് പ്രവേശിച്ചു. അവിടുന്ന് പാപത്തെ വെറുക്കുന്നതിനാൽ പാപം അവരെ ദൈവവുമായുള്ള ബന്ധത്തിൽ നിന്നും വേർപെടുത്തി.

ആദാമിന്റേയും ഹവ്വയുടേയും സന്താനപരമ്പര - ഈ ലോകത്തിലേക്കു ജനിക്കുന്ന ഓരോ വ്യക്തിയും - മുൻ തലമുറക്കാരുടെ പാപപ്രകൃതിയെ അവകാശമാക്കി. നന്മ ചെയ്യുവാനുള്ള ആഗ്രഹത്തിനു പകരം, നാം ഓരോരു ത്തരും തിന്മയോടുള്ള താല്പര്യത്തോടെയാണു ജീവിച്ചിരി ക്കുന്നത്. വളർന്നുവരുമ്പോൾ, പാപം ചെയ്യുവാൻ (ദൈവീക പ്രമാണത്തെ ലംഘിക്കുവാൻ) നാം വ്യക്തിപര മായി തീരുമാനിക്കുന്നു. പാപം പ്രത്യക്ഷമോ, പരോക്ഷമോ ആകാം, പക്ഷെ അത് എല്ലായ്പ്പോഴും നമ്മെ ദൈവത്തിൽ നിന്നും അകറ്റി നിർത്തുന്നു. എന്നാൽ പാപത്തിന്റെ



അത്യന്തികമായ ശിക്ഷ മരണവും, നിത്യതയോളം ദൈവ ത്തിൽ നിന്നുള്ള വേർപാടുമാണ്.

എന്നാൽ കാര്യം അവിടെ അവസാനിക്കുന്നില്ല എന്നതിൽ നാം സന്തോഷിക്കണം.

പാപം മുഖാന്തിരം ഉളവായ വേർപാട് നികത്തുവാൻ ഒരു വഴികാട്ടിത്തരുവാൻ തക്കവണ്ണം ദൈവം നമ്മെ അത്രമാത്രം സ്നേഹിച്ചു. തന്റെ ഏകജാതനായ പുത്രൻ യേശുവിനെ ഒരു മനുഷ്യനേപ്പോലെ ജീവിക്കുവാൻ ലോകത്തിലേക്ക് അയച്ച് നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തമാക്കി. പാപത്തിന്റെ ശിക്ഷ മരണമാണ്. യേശു പാപമില്ലാത്തവനാ യിരുന്നതിനാൽ, മറ്റുള്ളവരുടെ പാപങ്ങൾക്കുവേണ്ടി വിലകൊടുക്കുവാൻ കഴിഞ്ഞതുകൊണ്ട് അവിടുന്ന് നമുക്കായി ക്രൂശിൽ മരിച്ചു. എന്നിട്ട്, മൂന്നാം ദിവസം യേശു മരിച്ചവരിൽ നിന്നും ഉയർത്തെഴുന്നേറ്റു ഒരിക്കൽകൂടി ഭൂമിയിൽ നടന്നു! യേശുവിന്റെ ഉയർത്തെ ഴുന്നേൽപ്പിനു ശേഷം നൂറു കണക്കിനാളുകൾ അതിനു സാക്ഷ്യം വഹിച്ചു.ഇപ്പോൾ അവിടുന്ന് ദൈവത്തോടൊപ്പം സ്വർഗ്ഗത്തിൽ ആയിരിക്കുന്നു.

എന്നിരുന്നാലും, മനുഷ്യവർഗ്ഗത്തിന്റെ പാപങ്ങൾക്കു വേണ്ടി യേശു മരിച്ചതു കൊണ്ടുമാത്രം ദൈവത്തിൽ നിന്നുള്ള നമ്മുടെ വേർപാട് ഒഴിവാകുന്നില്ല. യേശുവിന്റെ മരണത്തേക്കുറിച്ച് അറിഞ്ഞതുകൊണ്ടുമാത്രം പോരാ. ഓരോരുത്തരും വ്യക്തിപരമായി ദൈവത്തിങ്കലേക്കു ചെന്ന് വ്യക്തിപരമായ രക്ഷ സ്വീകരിക്കണം.



നിങ്ങൾക്ക് എങ്ങനെ ദൈവത്തെ സമീപിച്ച് തന്റെ പാപക്ഷമ നേടുവാൻ കഴിയും? ബൈബിളിൽ നിങ്ങൾ പിന്തുടരേണ്ട പടികൾ കാണിച്ചുതന്നിട്ടുണ്ട്. സത്യസന്ധ മായും പരമാർത്ഥതയോടും, നിങ്ങൾ ഈ പടികൾ കയറുമ്പോൾ അവിടുന്ന് പാപങ്ങൾ ക്ഷമിച്ചു തന്നിരി ക്കുന്നു എന്ന ഉറപ്പ് നിങ്ങൾക്കു ലഭിക്കും. ഈ അനുഭവ ത്തിന് രക്ഷ എന്നു പറയും. രക്ഷാനിർണ്ണയം പ്രാപിക്കു മ്പോൾ ക്ഷണത്തിൽ ദൈവത്തിൽ നിന്നുള്ള വേർപാടും ശൂന്യതയും അപ്രത്യക്ഷമാകും. ഹൃദയത്തിൽ സമാധാനം കൈവരും. ദൈവത്തോടും മറ്റുള്ള ആളുകളോടും സ്നേഹമുണ്ടാകും. എണ്ണമില്ലാത്ത ജനങ്ങളുടെ ജീവിത ത്തിൽ ദൈവക്ഷമയുടേയും സമ്പൂർണ്ണമായ രൂപാന്തരത്തി ന്റേയും അനുഭവമുണ്ടായിട്ടുള്ളതിനാൽ ഇതു യാഥാർത്ഥ്യ മാണെന്നു നമുക്കു ബോധ്യമാകുന്നു.

ദൈവത്തിന്റെ ക്ഷമ ലഭിക്കുവാൻ ആഗ്രഹിക്കുന്നുവെ ങ്കിൽ ഇതാണ് ചെയ്യേണ്ടത്:

**നിങ്ങളുടെ ആവശ്യം അറിയുക.** നിങ്ങൾ പാപം ചെയ്തു വെന്നും ദൈവത്തിന്റെ സഹായം ആവശ്യമാണെന്നും സമ്മതിക്കുക. "എല്ലാവരും പാപംചെയ്തു ദൈവ തേജസ്സില്ലാത്തവരായിതീർന്നു" (റോമർ 3:23) എന്ന് ബൈബിളിൽ പറയുന്നു. ലൂക്കോസ് 18:13-ൽ ഒരാളിന്റെ പ്രാർത്ഥന ഇപ്രകാരമാണ് രേഖപ്പെടുത്തിയിരിക്കുന്നത്, "ദൈവമേ, പാപിയായ എന്നോട് കരുണ തോന്നേണമേ".

**അനുതപിച്ചു പാപം ഏറ്റു പറയുക.** നിങ്ങൾ ചെയ്തുപോ യിട്ടുള്ള പാപങ്ങളെക്കുറിച്ച് വാസ്തവമായി സങ്കടപ്പെട്ട്

അവ ക്ഷമിക്കുവാൻ ദൈവത്തോട് ആവശ്യപ്പെടുക. ദൈവ വചനത്തിൽ ഇപ്രകാരം വാഗ്ദാനം ചെയ്തിരിക്കുന്നു, "നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതി മാനും ആകുന്നു"(1 യോഹ 1:9). "ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞു കിട്ടേണ്ടതിന് മാനസാന്തരപ്പെട്ടു തിരിഞ്ഞു കൊൾവിൻ" (അപ്പോ 3:19) എന്നും എഴുതിയി രിക്കുന്നു.

**കഴിഞ്ഞകാല പാപങ്ങളെ വിട്ടുതിരിയുക.** ദൈവത്തിന്റെ സഹായത്താൽ, ജീവിതത്തിലുള്ള സകല പാപങ്ങളിൽ നിന്നും വിട്ടുതിരിയുമെന്ന് നിശ്ചയം ചെയ്യുക. യശയ്യാവ് 55:7 - ൽ ഇങ്ങനെ വായിക്കുന്നു, "ദുഷ്ടൻ തന്റെ വഴി യേയും നീതികെട്ടവൻ തന്റെ വിചാരങ്ങളേയും ഉപേ ക്ഷിച്ചു യഹോവയിങ്കലേക്കു തിരിയട്ടെ; അവൻ അവ നോടു കരുണ കാണിക്കും; നമ്മുടെ ദൈവത്തിങ്കലേക്കു തിരിയട്ടെ; അവൻ ധാരാളം ക്ഷമിക്കും''. ഇത് ഒരു വാഗ്ദാനമാണ്!

**യേശു ക്രിസ്തുവിൽ വിശ്വസിക്കുക.** ഒന്നാമത്, യേശു നിങ്ങളുടെ പാപങ്ങൾക്കുവേണ്ടി മരിച്ചുവെന്നും, അവി ടുന്ന് ഇന്നും ജീവിക്കുന്നുവെന്നും നിങ്ങൾ വിശ്വസിക്കേ ണം. അപ്പോൾ, നിങ്ങൾ സത്യസന്ധമായും പരമാർത്ഥ മായും മുൻപറഞ്ഞ പടികൾ കയറുമ്പോൾ, ദൈവം നിങ്ങ ളുടെ പ്രാർത്ഥന കേട്ട് നിങ്ങളെ രക്ഷിക്കുമെന്ന് വിശ്വസി ക്കുക. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന



ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹ 3:16).

**യേശുക്രിസ്തുവിനെ നിങ്ങളുടെ ഹൃദയത്തിലേക്കും ജീവി തത്തിലേക്കും ക്ഷണിക്കുക.** മുഴുഹൃദയത്തോടെ മുൻ പറഞ്ഞ പടികൾ കയറി അവിടുത്തോട് അടുത്തുചെന്ന്, പൂർണ്ണമായ സത്യസന്ധതയോടെ നിങ്ങളെത്തന്നെ ഏൽപിച്ചു കൊടുത്താൽ നിങ്ങൾ ഒരു ദൈവ പൈതലായിത്തീരും. നിങ്ങളുടെ ഹൃദയത്തിന്റെ ആഴത്തിൽ നിന്നും താഴെക്കാണുന്ന വിധത്തിൽ പ്രാർത്ഥിക്കുക.

***"പ്രിയ ദൈവമേ, എന്നെ സ്നേഹിക്കുന്നതിനായി നന്ദി പറ യുന്നു. അവിടുത്തെ പുത്രനായ യേശു എനിക്കുവേണ്ടി മരിച്ച് ഇന്നും ജീവിക്കുന്നുവെന്നു ഞാൻ വിശ്വസിക്കുന്നു. ഞാൻ പാപം ചെയ്തുവെന്നും, പാപത്തെ അവിടുന്നു വെറുക്കുന്നുവെന്നും ഞാൻ അറിയുന്നു. എന്റെ പാപങ്ങളെ വിട്ടുതിരിഞ്ഞ്, പഴയ ജീവിതത്തിലേക്ക് ഇനി ഒരിക്കലും തിരികെപ്പോകാതിരിക്കുവാൻ ഞാൻ ആഗ്രഹി ക്കുന്നു. എന്റെ ജീവിതത്തിൽ വന്നുപോയ സകല ദോഷപ്രവർത്തികളും, ദുഷ്ചിന്തകളും ദയവായി ക്ഷമിക്കേണമേ. അവിടുന്ന് എന്റെ ജീവിതത്തിലേക്ക് കടന്നുവന്ന് എന്റെ കർത്താവും രക്ഷിതാവുമായിത്തീരേ ണമേ. ഇനിയുള്ള ജീവിതം അവിടുത്തെ ഇഷ്ടപ്രകാരം നയിക്കുവാൻ ഞാൻ തീരുമാനിക്കുന്നു. അവിടുന്ന് എനിക്കു വഴികാട്ടിത്തരേണമേ. ഇന്നുമുതൽ അങ്ങയെ അനുഗമിക്കുവാനും പ്രസാദിപ്പിക്കുവാനും എന്നെ***

***സഹായിക്കേണമേ. എന്റെ പ്രാർത്ഥന കേട്ട് ഉത്തരം തന്നതിനായി അങ്ങേയ്ക്ക് നന്ദി പറയുന്നു. യേശുവിന്റെ നാമത്തിൽ അപേക്ഷിക്കുന്നു, ആമേൻ.''***

നിങ്ങൾ രക്ഷിക്കപ്പെട്ടു കഴിയുമ്പോൾ അതു ദൈവം നിങ്ങളെ അറിയിക്കും. ബൈബിളിൽ ഇങ്ങനെ പറയുന്നു, ''നാം ദൈവത്തിന്റെ മക്കൾ എന്നു ആത്മാവു താനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു'' (റോമർ 8:16). അപ്പോൾ നിങ്ങൾക്കു സന്തോഷമുണ്ടാവുകയും സ്വാതന്ത്ര്യം അനുഭവപ്പെടുകയും ചെയ്യും! കുറ്റബോധത്തിന്റേയും, ശൂന്യതയുടേയും, ഹൃദയവേദനയുടേയും സ്ഥാനത്ത് സന്തോഷവും സംതൃപ്തിയും അനുഭവപ്പെടും.

പാപങ്ങൾ ക്ഷമിക്കപ്പെട്ടു എന്ന ഉറപ്പു ലഭിച്ചുകഴിഞ്ഞാൽ പിന്നെ നിങ്ങൾ ദൈവത്തിൽ നിന്നും അകലെയല്ല. പിന്നെ നിങ്ങൾ എന്തുചെയ്യണം?

**ദൈവത്തിന്റെ വചനമായ ബൈബിളിന്റെ ഒരു പ്രതി കണ്ടെത്തുക.** പുതിയ നിയമത്തിലെ യോഹന്നാന്റെ സുവിശേഷം മുതൽ വായിച്ചു തുടങ്ങുക. യേശുവിന്റെ ഈ ഭൂമിയിലെ ജീവിതത്തെക്കുറിച്ചും, നിങ്ങളെ ദൈവത്തോടു യോജിപ്പിക്കുവാൻ അവിടുന്ന് എപ്രകാരം മരിച്ചുവെന്നും നിങ്ങൾക്ക് മനസ്സിലാക്കുവാൻ കഴിയും.

**ദൈവത്തോടു സംസാരിച്ചു തുടങ്ങുക.** ഓരോ ദിവസവും നിങ്ങളുടെ പ്രാർത്ഥന കേൾക്കുവാനും, നിങ്ങളുമായി ഒന്നിച്ചു നടക്കുവാനും ദൈവം ആഗ്രഹിക്കുന്നു. മറ്റു സ്നേഹിതരോടു സംസാരിക്കുന്നതുപോലെ തന്നെ നിങ്ങൾക്കു ദൈവത്തോടു സംസാരിക്കുവാൻ കഴിയും.



**ക്രിസ്തീയ സ്നേഹിതരെ അന്വേഷിക്കുക.** തങ്ങളുടെ ജീവിതം യേശുവിനു സമർപ്പിച്ച മറ്റുള്ളവരോടുള്ള കൂട്ടായ്മ നിങ്ങൾക്ക് ആത്മീയശക്തിയും പ്രോത്സാഹനവുമായി ഭവിക്കും.

**ദൈവത്തിനായി ജീവിക്കുവാൻ ദൃഢനിശ്ചയം ചെയ്യുക.** ദൈവവുമായുള്ള ബന്ധം അഭംഗുരം കാത്തുസൂക്ഷിക്കുവാനും, മറ്റുള്ള എന്തിനും ഉപരിയായി അതിനു വിലകൽപിക്കുവാനും സമർപ്പണം ചെയ്യുക. നാം ജീവിക്കുന്ന സാഹചര്യങ്ങളിൽ, ദൈവത്തെ വിട്ടുകളഞ്ഞ് അകന്നു പോകുവാൻ സാദ്ധ്യതകൾ ഉള്ളതിനാൽ അങ്ങനെ സംഭവിക്കുവാൻ നിങ്ങൾക്ക് ഇടയാകരുത്. നിങ്ങൾക്ക് ആഴമായ ആഗ്രഹമുണ്ടെങ്കിൽ രക്ഷയുടെ അനുഭവത്തിൽ തന്നെ നിലനിൽക്കുവാൻ ദൈവം നിങ്ങളെ സഹായിക്കും.

**നിങ്ങളുടെ രക്ഷയേക്കുറിച്ച് മറ്റുള്ളവരോട് പറയുക.** നിങ്ങൾ അടുത്ത് ഇടപെടുന്ന ആളുകളോട് നിങ്ങൾക്കുണ്ടായ അനുഭവം പറയുവാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടാകും. ***ദൈവം നിങ്ങളുടെ ജീവിതത്തിൽ എന്തു ചെയ്തു എന്ന് അറിയുവാൻ ഞങ്ങൾക്കും ആഗ്രഹമുണ്ട്. താഴെക്കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ ഞങ്ങൾക്ക് കത്തയയ്ക്കുക. ദൈവത്തോടു ചേർന്നുള്ള ജീവിതത്തിനു പ്രോത്സാഹജനകമായ മറ്റു പ്രസിദ്ധീകരണങ്ങൾ നിങ്ങൾക്ക് അയച്ചു തരുന്നതാണ്.***


# പ്രത്യാശാദീപം

**മേഴ്സിഹോം, ചേപ്പാട്. പി.ഒ.,**
**ആലപ്പുഴ ജില്ല – 690 507**


Malayalam-8 "Steps To A New Life"